

TUESDAY 19-10-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -19/10/2021

1. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ലർ ഉടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2.

2. ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495000923** (കൊട്ടിയം) എന്ന നമ്പരിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

3. പനമരം ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രി പ്രോജക്ടിലേക്ക് **വെറ്ററിനറി ഡോക്ടർ, അറ്റൻഡർ കം ഡ്രൈവർ** തസ്തികകളിലേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. കൂടിക്കാഴ്ച്ച ഈ മാസം 21-ന് (ഒക്ടോബർ 21) ഉച്ചതിരിഞ്ഞു 03 മണിക്ക് പനമരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നതായിരിക്കും. വെറ്ററിനറി ഡോക്ടർക്ക് മൃഗചികിത്സാ രംഗത്ത് ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തി പരിചയവും, കൃത്രിമ ബീജസങ്കലന സാമഗ്രികൾ, ലബോറട്ടറി പരിശോധന സാമഗ്രികൾ എന്നിവ കൈവശവും ഉണ്ടായിരിക്കണം. അറ്റൻഡർ കം ഡ്രൈവർ തസ്തികയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായോ **04935-222020** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. നവംബർ 3 വരെ നീണ്ടുനിൽക്കുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

5. റബ്ബർബോർഡിലെ ഇലക്ട്രോണിക് ഡേറ്റ പ്രോസസിംഗ് ഡിവിഷനിൽ പ്രോഗ്രാമർ ആയി താത്കാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക്-ഇൻ-ഇന്റർവ്യു നടത്തുന്നു. അപേക്ഷകർക്ക് എഞ്ചിനീയറിംഗ് ( കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി) ബിരുദം അഥവാ എം.സി.എ. ബിരുദം ഉണ്ടായിരിക്കണം. കോട്ടയത്തുള്ള രണ്ട് ഒഴിവുകളിലേക്കാണ് നിയമനം. അപേക്ഷകർക്ക് 2021 ജനുവരി 1-ന് 28 വയസ്സ് കഴിയുവാൻ പാടില്ല. താല്പര്യമുള്ളവർ നാളെ **(ഒക്ടോബർ 20=ന്) രാവിലെ 10 മണിക്ക്** കോട്ടയത്തുള്ള റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2301231** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി " **ജാതി കൃഷിയിലെ സംരംഭകത്വ സാധ്യതകൾ** " എന്ന വിഷയം അടിസ്ഥാനപ്പെടുത്തി ഈ മാസം 25 മുതൽ 29 (ഒക്ടോബർ 25 മുതൽ 29) വരെ കർഷകർക്കും കാർഷിക ഗ്രൂപ്പുകൾക്കും കാർഷിക സംരംഭകർക്കും പൊതുജനങ്ങൾക്കും സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. https://forms.gle/ehu49MR397WtaVUw7 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിലേയ്ക്ക് നാളെ വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. എച്ച്.ആർ.ഡി ട്രെയിനിംഗിന്റെ ഭാഗമായി ഈ മാസം **26,27,28** (ഒക്ടോബർ 26,27,28) തീയതികളിൽ **പൂന്തോട്ട നിർമ്മാണം, നഴ്സറി പാരിപാലനം, സസ്യപ്രവർദ്ധന രീതികൾ** എന്നിവ ഉൾപ്പെടുത്തി മൂന്നു ദിവസത്തെ പരിശീലനം **തിരുവനന്തപുരം കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി** യിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം **20-ന്** മുമ്പായി രാവിലെ 11 മണിക്കും 4.30 നും ഇടയ്ക്കുള്ള സമയങ്ങളിൽ **9497360649, 9447551954** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

8. ഭിന്നശേഷിക്കാർക്കുള്ള 6 മാസത്തെ **ഹോർട്ടികൾച്ചർതെറാപ്പി** പരിശീലനപരിപാടിക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പന്ത്രണ്ടാംക്ലാസ്സ് പൂർത്തീകരിച്ച 18 വയസ്സിനു മുകളിലുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഉൾപ്പടെ അപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറ് ഓഫ് കമ്മ്യൂണിറ്റി സയൻസ് കാർഷികകോളേജ്, വെള്ളായണി – 695522 എന്ന വിലാസത്തിൽ അപേക്ഷയും ബയോഡാറ്റയും ഈ മാസം 25-ന് (25/10/2021ന്) രാവിലെ 9.30 നു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമിനായി http://coavellayani.kau.in/ml/event/16396 എന്ന കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പ്** എന്ന വിഷയത്തിൽ ഈ മാസം 20, 21 (ഒക്ടോബർ 20, 21) തീയതികളിൽ പരിശീലനം നടത്തുന്നു. **വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം,**

**നൂതന ടാപ്പിങ്ങ്‌രീതികൾ, ഉത്തേജകൗഷധപ്രയോഗം** എന്നീ വിഷയങ്ങൾ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം